LIBRARY ARCHIVES Kerala Legislative Assembly

**ഭവന നിർമ്മാണ ബോർഡിലെ കരാർ ജീവനക്കാർ**

363(4373) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇരുപത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഇരുപത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ നിലവിലില്ല.

(സി) കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാണോ; ഇല്ലായെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമല്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ കൺസോളിഡേറ്റഡ് പേയിലാണ് നിശ്ചിത കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുന്നത്. പ്രസ്തുത നിയമനങ്ങളുടെ കരാർ വ്യവസ്ഥയിൽ ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കരാർ ജീവനക്കാർക്ക് കാലോചിതമായ ശമ്പള വർദ്ധനവ് ലഭ്യമാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ 20-1-2016-ലെ 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ വിവിധ വകുപ്പുകളിലെ കരാർ/ദിവസക്കൂലി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താല്ക്കാലിക ജീവനക്കാരുടെ പ്രതിഫലം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. ഇതേ തുടർന്ന് 31-10-19-ലെ ബോർഡ് യോഗതീരുമാന പ്രകാരം 2019 നവംബർ മാസം മുതൽ ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ്, അസിസ്റ്റന്റ് ഗ്രേഡ്-II, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ഡ്രൈവർ ഗ്രേഡ്-II, സെക്യൂരിറ്റി ഗാർഡ്/വാച്ചർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ കരാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നല്കിയിട്ടുണ്ട്. കൂടാതെ, സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ കരാർ ജീവനക്കാർക്ക് 9-2-2021-ലെ ബോർഡ് യോഗ തീരുമാന പ്രകാരം പ്രതിമാസ വേതന നിരക്കിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

**വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥ**

364(4374) <u>ശ്രീ. പി. ടി. തോമസ്</u>:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ൽ ഹൗസിംഗ് ബോർഡ് നിർമ്മിച്ച് കൈമാറ്റം ചെയ്ത തിരുവനന്തപുരം പട്ടം വില്ലേജിലെ വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി അലോട്ട്മെന്റ് കഴിഞ്ഞിട്ടുള്ളതിനാൽ ഫ്ലാറ്റുകളുടെ തുടർപരിപാലനം ഫ്ലാറ്റ് ഉടമകൾ തന്നെ ചെയ്യേണ്ടതുണ്ട്. തുടർ പരിപാലന ജോലികൾ ഭവന നിർമ്മാണ ബോർഡിന്റെ പരിധിയിൽ വരുന്നതല്ല.

(ബി) പ്രസ്തുത ഫ്ലാറ്റുകളും അനുബന്ധ സ്ഥലങ്ങളും പൂർണമായും ഫ്ലാറ്റുടമകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇതിനുള്ള തടസ്സമെന്ന് വിശദമാക്കാമോ?

ടി പദ്ധതിയിലെ ഫ്ലാറ്റുകൾ പൂർണ്ണമായും കൈമാറിയിട്ടുണ്ട്. എന്നാൽ അനുബന്ധ സ്ഥലങ്ങൾ ഫ്ലാറ്റ് ഉടമകൾക്ക് രേഖാമൂലം കൈമാറ്റം ചെയ്തിട്ടില്ല. KSHB (Formation of Allottees) Association Regulations, 2000-ൽ നിഷ്കർഷിക്കുന്ന രീതിയിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന അസോസിയേഷൻ നിലവിലില്ലാത്തതിനാലാണ് പൊതു സ്ഥലം അസോസിയേഷന് കൈമാറാത്തത്. എല്ലാ ഫ്ലാറ്റ് ഉടമകളും വിലയാധാരം വാങ്ങി അംഗീകൃത അസോസിയേഷൻ രൂപീകരിച്ചാൽ മാത്രമേ പൊതു സ്ഥലം രേഖാമൂലം കൈമാറ്റം ചെയ്യാൻ കഴിയുകയുള്ളൂ.